കേരള സർക്കാർ

# മണീട് ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**
**website : www.lfa.kerala.gov.in**
**e-mail : doekm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം. (പി.6)1696/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്
ഫോൺ : 0484-2422271
ഇ.മെയിൽ – doekm.ksad@kerala.gov.in
തീയതി. 21.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**മണീട് ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : മണീട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **മണീട് ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം.(പി.6)1696/2019 തീയതി: 21.10.2019

**എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ**
**2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**
**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ **മണീട്** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.3019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ കെ.കെ.വിനോദ്,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.09.2019 മുതൽ 01.10.2019 വരെ | |
| | | | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി റസിയാ ബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ വിനീത് ആർ | അസി. ഓഡിറ്റ് ഓഫീസർ |
| | | കുമാരി മേഴ്സി കെ.പി. | സീനി. ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി ശോഭാ ഏലിയാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ യു. കെ. സുരേന്ദ്രൻ | 01.04.2018മുതൽ 31.03.2019വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | : | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. സെക്രട്ടറി | | ശ്രീമതി പ്രസന്ന എസ്.റ്റി. | 01.04.2018 മുതൽ 20.06.2018വരെ |
| | | ശ്രീമതി സന്ധ്യ കെ.എൻ. | 21.06.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | | ഡോ. ഷീബാ തോമസ് | 01.04.2018 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | | ശ്രീമതി ആഭാ രാജ് | 01.04.2018മുതൽ |

| | | | |
|---|---|---|---|
| | | | 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | | ഡോ. വിപിൻ മോഹൻ റ്റി.എം. | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | ഡോ.അഞ്ചു വി. ഷൈനി | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | | ഡോ. രഞ്ചിത്ത് കൃഷ്ണൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി രാജേശ്വരി വി.എൻ. | 01.04.2018 മുതൽ 31.03.2019വരെ |
| അസി. എഞ്ചിനീയർ | | ശ്രീമതി മാഘ്ന റ്റി.കെ. | 01.04.2018 മുതൽ 19.06.2018വരെ |
| | | ശ്രീമതി സൌമ്യ ജി. | 20.06.2018മുതൽ 31.03.2019വരെ |
| ഹെഡ് മാസ്റ്റർ, യു.പി.സ്കൂൾ | | ശ്രീമതി റൂബി പോൾ | 01.04.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഓ | | ശ്രീമതി ലിൻഡ ഡിക്രൂസ് | 01.04.2018 മുതൽ 31.03.2019 വരെ |
| | | ശ്രീ ഹരീഷ് കുമാർ പി.എച്ച്. | 01.04.2018 മുതൽ 31.03.2019 വരെ |

<u>**ഉള്ളടക്കം**</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 13 | രസീത് പരിപാലനം | 1-13 |
| 14 | ഡി & ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 1-14 |
| 15 | ഒക്കുപൻസി അനുവദിച്ചത് സംബന്ധിച്ച് | 1-15 |
| 16 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല | 1-16 |
| 17 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾപരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 18 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക | 1-18 |
| 19 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച് | 1-19 |
| 20 | ക്വാറികൾ സംബന്ധിച്ച വിവരങ്ങൾ | 1-20 |
| 21 | ചെലവാകാതെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്ത് വിഹിതം 37161/- രൂപ | 1-21 |
| | | |

| | | |
|---|---|---|
| 22 | മരാമത്ത് പ്രവൃത്തികളുടെ ഇ - ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 1-22 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം 3 | |
| | ഇല്ല | |
| | ഭാഗം 4 | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 35 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 ലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 15.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9577350.05 |
| വരവ് | 71971340.00 |
| ആകെ | 81548690.05 |
| ചെലവ് | 67786054.00 |
| നീക്കിയിരിപ്പ് | 13762636.05 |

## 1-4 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11555000 | 11555000 | *11242500 | 0 | 312500 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8144000 | 8144000 | 8084000 | 0 | 60000 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 69000 | 69000 | 0 | 0 | 69000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 14049000 | 14049000 | 9117109 | 0 | 4931891 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 1774300 | 0 | 1005700 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5131000 | 5131000 | 3857802 | 0 | 1273198 |
| കെ.എൽ.എസ്.ജി.ഡി. പി | 0 | 0 | 0 | 0 | 0 | |
| സാക്ഷരത | 1641.50 | - | 1641.50 | - | 1641.50 | |
| ദുരിതാശ്വാസ നിധി | 122500 | 13685 | 136185 | 1500 | 134685 | |
| എം.എൻ ആർ.ഇ. ജി.എസ്. | 2350 | 406645 | 408995 | 400516 | 8479 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0 | 0 | 0 | |
| KGB Life housing scheme | 0 | 0 | 0 | 0 | 0 | |
| ട്രഷറി ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 8010463 | 11682800 | 19693263 | 14852216 | 4841047 | |
| Special Fund | 0 | 0 | 0 | 0 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11652363 | 11652363 | *11652363 | 0 | |
| തനത് ഫണ്ട് | 2567869.55 | 89825856.00 | 92393725.55 | 83710396.00 | 8683329.55 | |
| ബി. ഫണ്ട് | 0 | 33314720 | 33314720 | 33314720 | 0 | |
| മറ്റിനം | 7366 | 3632321 | 3639687 | 3600021 | 39666 | |

** ഉൽഭവത്തിൽ കുറവ് ചെയ്ത് ജലഅതോറിറ്റിക്ക് നൽകിയ തുകകൾ ഉൾപ്പെടുന്ന തുക.*

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 139 | 92658124 | 89 | 54760428 | 48 | 2 | 64.02 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2350 | 406645 | 408995 | 400516 | 8479 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 24530186 | 24530186 | 24530186 | -- |
| ആകെ | 2350 | 24936831 | 24939181 | 24930702 | 8479 |

# 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 109320 | 65 |
| കർഷകത്തൊഴിലാളി പെൻഷൻ | 5217200 | 420 |
| വിധവാപെൻഷൻ | 7068000 | 539 |
| വാർദ്ധക്യകാല പെൻഷൻ | 18068200 | 1343 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2792000 | 215 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 0 | 0 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.09.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17846 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

**1. വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ലാത്തതായി കാണുന്നു. പഞ്ചായത്തിലെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നതായും രേഖപ്പെടുത്തലില്ല. പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തേണ്ടതാണ്.

**2. പഞ്ചായത്ത് ആസൂത്രണ സമിതി കൂടിയതിന്റെ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.**

**3. ഫ്രണ്ട് ഓഫീസ് പ്രവർത്തനം**

ഫ്രണ്ട് ഓഫീസ് തപാലുകൾ സൂചിക സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. സൂചിക ബാക്ക് എൻഡ് സോഫ്റ്റ് വെയറിൽ നോട്ടുകൾ രേഖപ്പെടുത്തിയാണ് ഫയലുകളിൽ നടപടി സ്വീകരിക്കുന്നതെന്നതിനാൽ മാനുവലായി പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ സൂക്ഷിക്കുന്നില്ല.

4. സൂചിക പ്രകാരം ലഭ്യമാകുന്ന തപാലുകളുടെ തുടർ നടപടികൾ സങ്കേതം, സഞ്ചയ സോഫ്റ്റ് വെയറുകൾ വഴിയാണ് നടപ്പിലാക്കുന്നത്. എന്നാൽ ഈ സോഫ്റ്റ് വെയറുകൾ പരസ്പരം ബന്ധിപ്പിച്ചിട്ടില്ലാത്തതിനാൽ സൂചിക ഡേറ്റായിൽ തപാലുകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതു സംബന്ധിച്ച് IKM നു നിർദ്ദേശം നല്കി അപാകത പരിഹരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.08.2019 | 07/2019 | 24.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.2.2016 മുതൽ 16.2.2016 വരെ | 2010-11മുതൽ 2014-15വരെ | 11.4.2016 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

ഈ ഓഫീസിലെ കെ.എസ്.എ-ഇ.കെ.എം.(പിജി)1227(6)/2019 തീയതി 02.08.2019 നമ്പരായി ഓഡിറ്റ് സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട ഇനിയും തീർപ്പാക്കാത്ത അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ക്രമപ്പെടുത്തി ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2.സഞ്ചയ പ്രകാരമുള്ള വസ്തു നികുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

# 1-12 ഓഡിറ്റ് ഇംപാക്ട്

1.ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതിരുന്നത് – തുക അടവാക്കി
പ്രോജക്ട് നമ്പർ 106/2019 പ്രവൃത്തിയിലെ ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതിരുന്നത് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും ഈടാക്കി (1691/- രൂപ, രസീത് നമ്പർ 119030100947 തീയതി.24.09.19) .

2.ടെണ്ടറിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടിയ തുക ബില്ലിൽ ഈടാക്കിയത് അടവാക്കി.
സെക്രട്ടറി നടപ്പിലാക്കിയ വിവിധ ഓഫീസുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടിൽ ടെണ്ടറിൽ രേഖപ്പെടുത്തിയതിനേക്കാൾ കൂടിയ തുക ബില്ലിൽ ഈടാക്കിയത് ഓഡിറ്റ് എൻക്വയറി നല്കിയതിനെ തുടർന്ന് സ്ഥാപനത്തിൽ നിന്നും ഈടാക്കി (2000/- രൂപ, രസീത് നമ്പർ 119030100971 തീയതി.27.09.19).

# 1-13 രസീത് പരിപാലനം

പണം പിരിവിനായി പഞ്ചായത്ത് നൽകിയിരിക്കുന്ന രസീത് ബുക്കുകളിൽ പലതിലും certificate of count രേഖപ്പെടുത്തിയിട്ടില്ല. ഉദാ- രസീത് ബുക്ക് നമ്പർ 31723, 33972, 13252. മാത്രമല്ല certificate of count രേഖപ്പെടുത്തിയിരിക്കുന്നവയിൽ, രസീത് ബുക്ക് നമ്പർ, രസീത് ലീഫ് ക്രമ നമ്പർ (ആദ്യ നമ്പർ അവസാന നമ്പർ) എന്നീ അവശ്യ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുമില്ല. ഉപയോഗിക്കാതെ ബാക്കിവരുന്ന രസീത് ലീഫുകൾ സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല . ഉദാ- രസീത് ബുക്ക് നമ്പർ 31723 , 38 വരെ ഉപയോഗിച്ചു, 13275, 9വരെ ഉപയോഗിച്ചു, 33970, 39 വരെ ഉപയോഗിച്ചു. ബാക്കിവരുന്ന രസീത് ലീഫുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കുന്നുണ്ടെന്ന് രസീത് ബുക്കുകളുടെ സ്റ്റോക്കുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഫീസ് ഓർഡർ നിലവിലില്ല എങ്കിൽ അയതു ക്രമീകരിച്ച് രസീത് പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കേണ്ടതാണ് . രസീതുകളിൽ തിരുത്തൽ വരുത്തുന്നതും ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു .

# 1-14 ഡി & ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

പാർപ്പിട ആവശ്യത്തിനായി നികുതിനിർണ്ണയം നടത്തി കെട്ടിട നമ്പർ നൽകിയിരിക്കുന്ന, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിനുള്ള ഡി & ഒ ലൈസൻസ് നൽകിയത് സംബന്ധിച്ച വിവരങ്ങൾ

| ക്രമ നം | ഡി & ഒ ലൈസൻസ് നമ്പർ | അപേക്ഷകൻെറ പേര് | വാർഡ് നമ്പർ/ കെട്ടിടനമ്പർ/ തറ വിസ്തീർണ്ണം | ലൈസൻസിൻെറ ആവശ്യം | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക് | മറുപടിയിൽ പറയുന്നത് താഴെ പറയുന്ന കെട്ടിടങ്ങളിലാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നാണ് |
|---|---|---|---|---|---|---|
| 2 | 48/2018-19 | കുര്യാക്കോസ് | 10/122എ | കാരിക്കുഴി റബ്ബേഴ്സ്, | സഞ്ചയ | 10/123, 10/124 |

| | | | | | | |
|---|---|---|---|---|---|---|
| | | സക്കറിയ | 10/123ബി<br>140ച.മീ. | റബ്ബർ വ്യാപാരം | പ്രകാരം കെട്ടിടം നിലവിലില്ല | |
| 3 | 55/2018-19 | മത്തായി വർഗ്ഗീസ് | 5/26<br>70 ച.മീ. | പലചരക്ക് വ്യാപാരം | 5/- | 5/324 |
| 4 | 58/2018-19 | കുര്യാക്കോസ് വി.പി. | 5/253/30 ച.മീ. | വാരുകുന്നേൽ റബ്ബേഴ്സ് റബ്ബർ വ്യാപാരം | 5/- | 6/253 |
| 5 | 61/2018-19 | ജയറാം | 10/130/78ച.മീ. | സരോജ് മെറ്റൽസ്, സ്റ്റീൽ വ്യാപാരം | 5/- | 10/129 |

ഉപയോഗക്രമം ക്രമീകരിക്കാതെ മേൽ കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നതിന് ലൈസൻസ് നൽകിയിരിക്കുന്നതായികണ്ടു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 8 നൽകിയതിന് ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ, കെട്ടിട നമ്പരുകൾ ലൈസൻസ് രേഖപ്പെടുത്തലുകളിൽ മാറിപ്പോയതായി അറിയിച്ചിട്ടുണ്ട്. മറുപടിയിൽ പറയുന്ന കെട്ടിടങ്ങളിലാണ് മേൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് ഡി & ഒ ലൈസൻസ് നൽകിയിരിക്കുന്ന മറ്റ് സ്ഥാപനങ്ങളിലും ഇത്തരം അപാകതകൾ ഇല്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഡി. & ഒ. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ലഭിക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നിർബന്ധമായും നടത്തേണ്ടതാണ്.(ജി.ഒ.(ആർ.റ്റി)795/2007/തസ്വഭവ. 16.3.2007). ഡി. & ഒ. ലൈസൻസ് പുതുക്കി നല്കുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്ന് ഉറപ്പുവരുത്തണം. മേൽ നിർദ്ദേശങ്ങൾ പാലിച്ചിരുന്നുവെങ്കിൽ തെറ്റായ കെട്ടിട നമ്പരുകളിൽ ലൈസൻസ് പുതുക്കി നല്കൽ നടക്കുമായിരുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. തെറ്റായ കെട്ടിട നമ്പറുകളിൽ നല്കിയിരിക്കുന്ന ലൈസൻസുകളുടെ സാധുതയും പലവിധ പ്രശ്നങ്ങൾക്കു കാരണമാകാവുന്നതാണ്. ആയതിനാൽ ലൈസൻസ് അനുവദിക്കുന്ന അവസരത്തിലും പുതുക്കി നല്കുന്ന അവസരത്തിലും അപേക്ഷയിൽ കാണിച്ചിരിക്കുന്ന കെട്ടിടത്തിൽ തന്നെയാണ് സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നതും ഉറപ്പുവരുത്തേണ്ടതാണ്. ചട്ട ലംഘനത്തിന് സെക്ഷൻ 255 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-15 ഒക്കുപൻസി അനുവദിച്ചത് സംബന്ധിച്ച്

2018-19 ൽ IV/255/എ എന്ന നമ്പർ നൽകി ഒക്കുപൻസി അനുവദിച്ചിരിക്കുന്ന വാസഗൃഹത്തിൻെറ പൂർത്തീകരണ റിപ്പോർട്ട് എൽ എസ്.ജി.ഡി.ഓവർസിയർ സമർപ്പിച്ചതിൽ മഴവെള്ള സംഭരണ സംവിധാനത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. ഫയൽ നമ്പർ A3649/19/19.02.2019. മാത്രമല്ല കെട്ടിട ഉടമകളായ ജോർജ്ജ് & ചിന്നമ്മ, വേമ്പനാട്ട്, നീർക്കുഴി, സമർപ്പിച്ചിരിക്കുന്ന Form no.2 റിട്ടേൺ സംബന്ധിച്ച് മണീട് വില്ലേജ് ഓഫീസർ നൽകിയിരിക്കുന്ന 11.02.2019 ലെ റിപ്പോർട്ടിൽ കെട്ടിടത്തിൻെറ പെർമിറ്റ് നമ്പർ, സർവെ നമ്പർ, തറവിസ്തീർണ്ണം എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 19 നൽകിയതിനെത്തുടർന്ന്
മഴവെള്ള സംഭരണ സംവിധാനം പൂർത്തിയാക്കിയതായി എസ്.ജി.ഡി.ഓവർസിയർ മറുപടി സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ട്.

198.83 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിച്ചിരിക്കുന്നത്, മഴവെള്ള സംഭരണ സംവിധാനം ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയതിനുശേഷമാണോ എന്നത് ഫയലിൽ വ്യക്തമല്ല . 2011ലെ കേരള പഞ്ചായത്ത രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101 പ്രകാരം ഭൂഗർഭ പോഷണ ക്രമീകരണങ്ങൾ എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരയിലെ മഴവെള്ള സംഭരണ കണക്ഷനുകളിലൂടെ സജ്ജീകരിക്കേണ്ടതാണ്. അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനങ്ങൾ, വരൾച്ച എന്നിവയുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള സർക്കാർ നിർദേശങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട്, കെട്ടിട നിർമ്മാണപെർമിറ്റ് , കെട്ടിട നമ്പറിംഗ് മുതലായ ചുമതലകൾ നിർവഹിക്കുവാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട എൽ.

എസ്. ജി. ഡി. വിഭാഗത്തിൻെറ റിപ്പോർട്ടുകളിലും മഴവെള്ള സംഭരണം, സൗരോർജ്ജ സംവിധാനങ്ങൾ എന്നിവയെപ്പറ്റിയുള്ള പരാമർശങ്ങൾ വ്യക്തമായും കൃത്യമായും ഉൾപ്പെടുത്തേണ്ടതാണ്.

## 1-16 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) 2018-19 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം 100000/- രൂപ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി നല്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും മരുന്ന് പൂർണ്ണമായും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | എസ് – 63 / 2019, മണീട് ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| ചെലവു തുക | 100000 രൂപ |
| ട്രഷറി ബിൽ നമ്പരും തീയതിയും | 1/ 18-19, തീയതി.19.01.19 |

## 1-17 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം -സാമ്പിൾപരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2018-19 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ളിമെന്റ്,രാമമംഗലംഎന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. 2018-19 വർഷത്തിലെ സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.11/23.09.2019) നല്കിയതിന് 2014 ലെ പരിശാധനാ റിപ്പോർട്ട്ആണ് ഹാജരാക്കിയത്. മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക

| | |
|---|---|
| പ്രൊജക്ട് നമ്പർ / പ്രോജക്ട് | 9/18-19,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 800000/- |
| ചെലവ് വിവരം/ബിൽ/ചെക്ക് നം,തീയതി | 1) 500000/-(പഞ്ചായത്ത് വിഹിതം,പ്ളാൻ ഫണ്ട് ) 4/18-19/09.11.18.<br>2) 100000/-(ബ്ളോക്ക് വിഹിതം) 9310297/20.03.19.<br>3) 200000/-(ജില്ലാ പഞ്ചായത്ത് വിഹിതം) 9310298/20.3.19 |
| ആകെ ചെലവ് | 800000/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിൻ കീഴിൽ ഭിന്നശേഷിയുള്ള 57 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 800000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 57ഗുണഭോക്താക്കളിൽ 41 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ

22/2018/തസ്വഭവ/14.02.2018 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 12000 |
| ഉല്ലാസ യാത്രാചെലവുകൾ | | 1000 |
| ആകെ | | 28500 |

എന്നാൽ ഈ പ്രൊജക്ട് പ്രകാരം രൂ.19164/-ഉം, രൂ.11378/- ഉം വീതമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന 28എണ്ണം, 13 എണ്ണം വിദ്യാർത്ഥികൾക്കും യഥാക്രമം നല്കിയിട്ടുള്ളത്.

| നൽകിയ തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 19164X28 =536592<br>11378x13= 147914 | 28500 X 28 = 798000<br>28500X13 = 370500 | 261408/-<br>222586/- |
| | ആകെ കുറവ് | 483994/- |

കൂടാതെ 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിന്റെയും വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതിന്റെയും കാരണങ്ങൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/24.9.19) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണമാണെന്ന് പറഞ്ഞിരിക്കുന്നു.

മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളപ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നല്കേണ്ടതുമാണ്. ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും ആവശ്യമായ തുക വകയിരുത്തേണ്ടതും ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻനിർത്തി വിഭാവനംചെയ്തിരിക്കുന്ന സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്യേണ്ടതുമാണ്.

# 1-19 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ സംബന്ധിച്ച്

മെഡിക്കൽ ഓഫീസർ 2018-19 വർഷം നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

1. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും – 28/2019 – പി.എച്ച്.സി.ക്ക് മരുന്നു വാങ്ങൽ | |
| ചെലവഴിച്ച തുക – 150000/- | |
| ചെലവഴിച്ചതിന്റെ വിശദാംശം : | 101657/- ബിൽ നം.15/18-19, 14.1.19<br>1250/- „ 4/18-19, 28.7.18<br>11823/- „ 10/18-19, 31.10.18<br>35270/- „ 18/18-19, 18.3.19 |

2018-19 വർഷം മേൽക്കാണിച്ചിരിക്കുന്ന പ്രകാരം 1,50,000/- രൂപയുടെ മരുന്ന് പി.എച്ച്.സി. യ്ക്കായി വാങ്ങിയിട്ടുണ്ട്.

മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്ന് ഇഷ്യൂ ചെയ്യുന്നത് ആർക്കാണെന്ന് രേഖപ്പെടുത്തുകയോ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതായി കാണുന്നു. ഓരോ വർഷവും പുതിയ പേജുകൾ പിടിച്ച് രേഖപ്പെടുത്തലുകൾ വരുത്തുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ കഴിഞ്ഞ വർഷം മിച്ചമുണ്ടായിരുന്ന മരുന്നുകൾ Carry Forward ചെയ്തതായി കാണുന്നില്ല. ഉദാഹരണത്തിന് T.GERBISA 5mg എന്ന മരുന്ന് 24.11.18 ന് 700 എണ്ണം മിച്ചമുണ്ട് (പേജ് – 53). CLOPICARD 75mg എന്ന മരുന്ന് 04.03.19 ന് 5005 എണ്ണം മിച്ചമുണ്ട് (പേജ് – 55). CANAZOLE CREAM എന്ന മരുന്ന് 01.12.18 ന് 500 എണ്ണം മിച്ചമുണ്ട് (പേജ് – 56).

2. മണീട് പി.എച്ച്.സി. യ്ക്ക് ഫർണീച്ചർ വാങ്ങൽ (പ്രോജക്ട് നമ്പർ 147 / 2019), മണീട് പി.എച്ച്.സി. അടിസ്ഥാന സൌകര്യ വികസനം (പ്രോജക്ട് നമ്പർ 148 / 2019) എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം 91393/- രൂപ (ചെക്ക് നമ്പർ 1747868 / 22.01.2019), 93607/- രൂപ (ചെക്ക് നമ്പർ 1703806 / 13.03.2019) എന്നിങ്ങനെ തുക ചെലവഴിച്ചിട്ടുണ്ട്. ഈ രണ്ട് പ്രോജക്ടുകൾക്കും സ്വീകരിച്ചിരിക്കുന്നത് ക്വട്ടേഷൻ നടപടിക്രമമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.11.2010ലെ ജി.ഒ (പി) 259/2010 നമ്പർ ഉത്തരവ്) 25000 രൂപയക്ക് മുകളിലും 1,00,000/- രൂപയ്ക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടത് ലിമിറ്റഡ് ടെണ്ടർ നടപടിക്രമമായിരുന്നു. ക്വട്ടേഷൻ നോട്ടീസുകളിൽ വാങ്ങേണ്ട സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുമില്ല.

3. വാങ്ങിയ മരുന്നുകൾ കൃത്യ അളവിലും ഡാമേജ് ഇല്ലാതെയും ലഭിച്ചതാണോ എന്നുള്ള സാക്ഷ്യപത്രം ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9, തീ.26.9.19) മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കുന്നതുവരെ മരുന്ന് വാങ്ങുവാൻ വിനിയോഗിച്ച 150000/- രൂപയും കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുവാൻ ചെലവഴിച്ച 185000/- രൂപയുടെ (91393 + 93607) ചെലവും ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-20 ക്വാറികൾ സംബന്ധിച്ച വിവരങ്ങൾ

ഓഡിറ്റ് സമയത്ത് (27.09.2019) ൽ, പഞ്ചായത്ത് പരിധിയിലുള്ള കരിങ്കൽ ക്വാറിക്കെതിരെ പരിസരവാസികൾ പ്രക്ഷോഭം നടത്തിയതിനെത്തുടർന്ന് പഞ്ചായത്ത്, ക്വാറിയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് നോട്ടീസ് നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. നിലവിൽ മണീട് ഗ്രാമപഞ്ചായത്തിൻറെ പരിധിയിൽ പ്രവർത്തിക്കുന്ന ക്വാറികൾ 4 എണ്ണമാണ്.

| ക്രമ നം. | ക്വാറിയുടെ പേര് | ഉടമ | ലൈസൻസ് നമ്പർ/ തീയതി | ജേലിക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ഡയമണ്ട് അഗ്രിഗേറ്റ്സ്, മണീട്. | ശ്രീ. എം. പി. പ്രസാദ് | 74/19-20/ 30.03.2019 | വിവരം ലഭ്യമാക്കിയില്ല |
| 2 | ആർ. എം. റോക്സ് & സാന്റ് പ്രൈ.ലിമിറ്റഡ്. | ശ്രീ.റോജർ മാത്യൂ | 79/19-20/ 30.03.2019 | വിവരം ലഭ്യമാക്കിയില്ല |
| 3 | കെ.ജെ.പി.അഗ്രിഗേറ്റ്സ്, മീസാറ പി.ഒ. | കെ.ജെ. പൗലോസ് | 85/19-20/ 28.03.2019 | വിവരം ലഭ്യമാക്കിയില്ല |
| 4 | കൈരളി റോക്സ്, ചനരം പ്ലാക്കൽ, മണീട്. | അജി. കുര്യാക്കോസ് | 65/19-20/ 30.03.2019 | വിവരം ലഭ്യമാക്കിയില്ല |

ഇവയിൽ ഡയമണ്ട് അഗ്രിഗേറ്റ്സ് എന്ന സ്ഥാപനത്തിനെതിരായി പരാതി ലഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രങ്ങളുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ വിദഗ്ധാഭിപ്രായത്തിനായി മൈനിംഗ് & ജിയോളജി, പൊല്യൂഷൻ കണ്ട്രോൾ ബോർഡ്, എക്സ്പ്ലോസീവ് വകുപ്പ്, ജില്ലാ കളക്ടർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. 27.09.2019 ൽ വീണ്ടും പരിസരവാസികളുടെ പരാതി ലഭിച്ചതിന്റെ

അടിസ്ഥാനത്തിൽ ടി സ്ഥാപനത്തിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കാൻ നോട്ടീസ് നൽകിയിരിക്കുകയാണ്. പരാതികളുടെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യമാക്കിയത് പരിശോധിച്ചതിൽ പരിസരവാസികളുടെ ജീവനും സ്വത്തിനും അപകടസാധ്യത നിലനിൽക്കുന്നതായി പറയുന്നു. ക്വാറിക്കെതിരായി 19.08.2019 ലും (എ.3/3496/2019) പരാതി ലഭിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് ( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 6 പ്രകാരം പ്രസിഡന്റ് അപേക്ഷയുടെ കാര്യത്തിൽ തീർപ്പ് കല്പിക്കണം എന്നു നിഷ്കർഷിച്ചിരിക്കുന്നു. പ്രസിഡന്റിന് പൊതുജനഹിതം മുൻനിർത്തി ലൈസൻസ് നൽകുവാൻ വിസമ്മതിക്കാവുന്നതാണെന്നും ലൈസൻസ് നിരസിക്കുന്ന സംഗതിയിൽ അങ്ങനെയുള്ള നിരസിക്കലിന്റെ കാരണങ്ങൾ കൂടി രേഖാമൂലമുള്ള ഉത്തരവിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ സ്ഥാപനത്തിനെതിരെ സ്ഥലവാസികളുടെ പരാതികളും സംഘർഷവും നിലനിൽക്കുന്നതിനാലും സ്ഫോടന സമയത്ത് പാറക്കഷണം ജനവാസമേഖലയിലേക്ക് തെറിച്ചുവീഴുന്നതിനാലും ക്വാറി ലൈസൻസ് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ആയതിനാൽ ചട്ടം 6, ചട്ടം 12(3) (ബി) എന്നിവ പ്രകാരം യുക്തമായ തീരുമാനം കൈക്കൊണ്ടുകൊണ്ട് സ്ഥലവാസികളുടെ ജീവനും സ്വത്തിനുമുള്ള ഭീഷണി ഒഴിവാക്കേണ്ടതാണ്.

# 1-21 ചെലവാകാതെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്ത് വിഹിതം 37161/- രൂപ

വെറ്ററിനറി സർജൻ മുൻവർഷങ്ങളിൽ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽപ്പെടുത്തി പ്രോജക്ട് ഓഫീസർക്ക് നല്കിയ ഗ്രാമപഞ്ചായത്ത് വിഹിതം തുകകളിൽ പ്രോജക്ട് അവസാനിച്ച ശേഷവും വിവിധ കാരണങ്ങളാൽ 2016-17 വർഷം 24232/- രൂപയും, 2017-18 വർഷം 12929/- രൂപയും ചെലവാകാതെ അവശേഷിക്കുന്നതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വെറ്ററിനറി സർജൻ അറിയിച്ചു. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുന്നതിനോ അല്ലാത്തപക്ഷം അടുത്ത വർഷം ഇതേ പ്രോജക്ടിനായി പ്രോജക്ട് ഓഫീസർക്ക് നല്കുന്ന ഗ്രാമപഞ്ചായത്ത് വിഹിതം തുകയിൽ ക്രമീകരിക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-22 മരാമത്ത് പ്രവൃത്തികളുടെ ഇ - ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ – ടെൻഡർ ഫീസ് കഴിഞ്ഞ ആറ് വർഷമായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് വരവ് വയ്ക്കുന്ന ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുവാനുള്ള കഴിഞ്ഞ ആറ് വർഷങ്ങളിലെ ഇ-ടെൻഡർ ഫീസ് തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2014 | 74625 |
| 2015 | 61310 |
| 2016 | 149551 |
| 2017 | 221200 |
| 2018 | 175371 |
| 2019 സെപ്റ്റംബർ വരെ | 48428 |
| ആകെ | 730485 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

# നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 പരാമർശമില്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പരാമർശമില്ല

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.6.2019 & 13.6.2019 | കെ എസ് എ-ഇ കെ എം (പി ജി) 1227(6)/2019, 02.08.2019 |

*(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 57500 | പാൽ ഇൻസെന്റീവ് | 575000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 454353 | മടക്കേത്താഴം കൾവർട്ട് | 454353 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാളിന് ഫർണ്ണീച്ചർ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1055000 | ലൈഫ് ഭവന പദ്ധതി ധനസഹായം(ജനറൽ) | 1055000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1033000 | ലൈഫ് ഭവന പദ്ധതി ധനസഹായം(എസ് സി പി) | 1033000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 461900 | പാൽ ഇൻസെന്റീവ് | 461900 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | ലൈഫ് ഭവന പദ്ധതി ധനസഹായം(ജനറൽ) | 1500000 | 0 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 3/18-19, 29.5.2018 | 53000 | 50933 | 2067 |

ബാക്കി തുക ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റേയും, തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | സ.ഉ.നം.564/10 / ത.സ്വ.ഭ.വ./ 22.2.2010 | 4513270 | 657215 | 22730 | 0 | 430085 |
| ലൈഫ് ഭവന പദ്ധതി | സ.ഉ.നം.68/18 / ത.സ്വ.ഭ.വ./18.5.2018 | 5422329 | 0 | 0 | 0 | 5422329 |

.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക (പലിശ) | 2063 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|
| 1 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 62847/ 26.1.2019 | 50,000 |
| 2 | മണീട് സർവ്വീസ് സഹകരണ ബാങ്ക് | 67166/ 5.4.2018 | 50,000 |
| | | ആകെ | 1,00,000 |

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 10000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തീയതി |
|---|---|---|---|---|
| 2017-18 | 2-2 | 2500 | സഹകരണ ബാങ്ക്, മണീട് | 11803010603/ 21.11.18 |
| 2017-18 | 2-2 | 2500 | മാവേലിസ്റ്റോർ, മണീട് | 118030102597/ 29.01.19 |
| 2017-18 | 2-2 | 2500 | മാവേലി സ്റ്റോർ, ഏഴക്കരനാട് | 118030102598/ 29.01.19 |
| 2017-18 | 2-2 | 2500 | ക്ഷീരോൽപാദക സഹകരണ സംഘം | 118030102341/ 27.12.18 |
| 2017-18 | 2-2 | 2500 | വെൽക്കെയർ കോളേജ് ഓഫ് നേഴ്സിംഗ് | 118030101829/ 26.11.18 |
| | ആകെ | 10000 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2011-12 & 2012-13 | 2014-15 | 4.1.10 | നിഷ്ക്രിയആസ്തി - പകൽ വീട് | പ്രവർത്തന സജ്ജമായിട്ടുണ്ട്. |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71971340.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67786054.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 335000.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 335000/- | ഡോ. വിപിൻ മോഹൻ റ്റി.എം., മെഡിക്കൽ ഓഫീസർ |
| | 335000/- | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരുംഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വിപിൻ മോഹൻ റ്റി.എം., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., മണീട് | ശ്രീവത്സം, മാമ്പുഴ, കുഴയറ്റിക്കരപി.ഓ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്.ഇ.(പി2)1125/96 തി.31.5.97 | 21 |
| 1994-95 | എൽ.എഫ്.ഇ.(പി9) 826/13 തി.16.8.13 | 4 |
| 1995-96 | എൽ.എഫ്.ഇ.(പി2) 251/03 തി.03.4.03 | 16 |
| 1997-98 | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 4 |
| 1998-99 (വരവ്) | എൽ.എഫ്.ഇ.(പി1) 1741/07 തി.11.5.09/15.5.09 | 1 |
| 1998-99 (ചെലവ്) | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 18 |
| 1999-2000 (വരവ് ചെലവ്) | എൽ.എഫ്.ഇ.(പി9) 781/15 തി.28.9.15 | 1 |
| 1999-2000 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ.(പി1) 1740/07 തി.28.03.09 | 1 |
| | | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ. (പി1)1739/07 തി. 17.09.09 | 6 |
| 2000-01(പദ്ധതി) | എൽ.എഫ്.ഇ. (പി1)1291/03 തി. 16.4.14 | 13 |
| 2002-03 | എൽ.എഫ്.8718/ Spl.Cell/ SC/C.3/08 തി. 30.4.12 | 8 |
| 2004-05 | എൽ.എഫ്.ഇ.(പി9) 2180/13 തി.10.12.13 | 24 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(I)/2018 /14.9.18 | 2 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(II)/2018 /14.9.18 | 2 |
| 2007-08 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(III)/2018 /14.9.18 | 2 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(IV)/2018 /14.9.18 | 1 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(V)/2018 /14.9.18 | 5 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(VI)/2018 /14.9.18 | 7 |
| 2011-12 &2012-13 | കെ.എസ്.എ.-ഇ.കെ.എം (പി.6) 707(VII)/2018/14.9.18 | 8 |
| 2013-14 & 2014-15 | കെ.എസ്.എ. ഇ.കെ.എം(പി.6) 707(VIII)/2018/14.9.18 | 3 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (പി.6) 901 /2016 / 10.7.18 | 6 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം(പി6)1645/2017, 16.5.18 | 5 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം(പി6)2340/2018, 06.7.2019 | 13 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മണീട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണീട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

**<u>അനുബന്ധം</u>**

ന്യൂനതകളുടെ സംഗ്രഹം :-

1.ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ക്രമപ്പെടുത്തി ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2.സഞ്ചയ പ്രകാരമുള്ള വസ്തു നികുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്<br>ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## <u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Maneed Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Maneed **Grama Panchayat** for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR<br>KERALA STATE AUDIT DEPARTMENT<br>ERNAKULAM

## Annexure

Abstrct of Defects / Discripancies.

1. The Asset Register is not updated by recording the value of land and other assets owned by the Panchayath. So the value of assets do not reconcile with the AFS.
2. The Accounts of property tax in AFS differs with the Sanjaya Account.

**DEPUTY DIRECTOR**
KERALA STATE AUDIT DEPARTMENT
ERNAKULAM

SJ